Malappuram District Police

# 05.08.2017 പെരിന്തൽമണ്ണ

26.5 ലക്ഷം രൂപയുടെ കുഴൽപ്പണവുമായി മലപ്പുറം സ്വദേശി പെരിന്തൽമണ്ണയിൽ അറസ്റ്റിലായി. മലപ്പുറം കോഡൂർ പാട്ടുപാറകുളമ്പ് സ്വദേശി സ്രാമ്പിക്കൽ മുസ്തഫ (42)യെയാണ് പെരിന്തൽമണ്ണ സിഐ ടി.എസ് ബിനു, എസ്ഐ വി.കെ കമറുദ്ദീൻ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തത്. വെള്ളിയാഴ്ച രാവിലെ ഒമ്പതോടെ പെരിന്തൽമണ്ണ കെഎസ്ആർടിസി സ്റ്റാൻഡിൽ വച്ചാണ് ഇയാളെ അറസ്റ്റ് ചെയ്തത്. 26.5 ലക്ഷം രൂപയുടെ 2000, 500 പുതിയ നോട്ടുകളാണ് ഇയാളിൽനിന്നും കണ്ടെടുത്തത്. മൂന്ന് മാസം മുമ്പ് 75 ലക്ഷം രൂപയുടെ കുഴൽപ്പണം പെരിന്തൽമണ്ണയിലെ പ്രത്യേക അന്വേഷണ സംഘം പിടികൂടിയിരുന്നു. തുടർച്ചയായി കുഴൽപ്പണം പിടികൂടിയതോടെ പിൻവലിഞ്ഞിരുന്ന സംഘം വീണ്ടും സജീവമായതായി വിവരം ലഭിച്ചതിനെ തുടർന്ന് നടത്തിയ പരിശോധനയിലാണ് ഇയാൾ വലയിലായത്.